കേരള സർക്കാർ

**സംഗ്രഹം**

ഗതാഗത വകുപ്പ്- ജീവനക്കാര്യം- സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മിഷണർ, ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മിഷണർ എന്നീ തസ്തികകളിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഗതാഗത (സി) വകുപ്പ്

സ.ഉ.(സാധാ) നം.315/2022/TRANS തീയതി,തിരുവനന്തപുരം, 30-07-2022

---

പരാമർശം: 1) 20.07.2022-ലെ സ.ഉ.(അച്ചടി)നം.23/2022/ഗതാഗതം

2) ട്രാൻസ്പോർട്ട് കമ്മീഷണറുടെ, 21.07.2022-ലെ, A1/6/2022-TC-നമ്പർ കത്ത്

ഉത്തരവ്

ട്രാൻസ്പോർട്ട് കമ്മീഷണറുടെ, പരാമർശം (2)-ലെ, കത്തിന്റെ അടിസ്ഥാനത്തിൽ, മോട്ടോർ വാഹനവകുപ്പിലെ, സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മിഷണർ, ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മിഷണർ എന്നീ തസ്തികകളിൽ, ചുവടെപ്പറയും പ്രകാരം, സ്ഥാനക്കയറ്റം, ഉടൻ പ്രാബല്യത്തിൽ, അനുവദിച്ച് ഉത്തരവാകുന്നു.

1) സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മിഷണർ (ടാക്സേഷൻ)

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മിഷണർ (ടാക്സേഷൻ) ആയിരുന്ന ശ്രീ. എ.കെ.ശശികുമാർ, 31.05.2022-ന്, വിരമിച്ചതുമൂലം ഒഴിവുവന്ന തസ്തികയിൽ, പരാമർശം (1) പ്രകാരമുള്ള സെലക്ട് ലിസ്റ്റിലെ സീനിയോറിറ്റി അടിസ്ഥാനമാക്കി, ദക്ഷിണമേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ ശ്രീ. കെ. മനോജ് കുമാറിനെ, കെ.എസ്. & എസ്.എസ്.ആർ. ഭാഗം II ചട്ടം (28)(b)(i)-പ്രകാരം, റെഗുലർ അടിസ്ഥാനത്തിൽ, 1,07,800-1,60,000/-ശമ്പളസ്കെയിലിൽ, സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മിഷണർ (ടാക്സേഷൻ)-ആയി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നു.

ശ്രീ. കെ. മനോജ് കുമാറിന്, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ & സെക്രട്ടറി എസ്.ടി.എ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) എന്നീ തസ്തികകളുടെ അധിക ചുമതലകളും നല്കി ഉത്തരവാകുന്നു.

2) ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ

ദക്ഷിണമേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ ശ്രീ. കെ. മനോജ് കുമാറിനെ സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മിഷണർ (ടാക്സേഷൻ) തസ്തികയിൽ സ്ഥാനക്കയറ്റം നൽകി നിയമിച്ചതുമൂലം ഒഴിവുവന്ന തസ്തികയിൽ, പരാമർശം (1) പ്രകാരമുള്ള സെലക്ട് ലിസ്റ്റിലെ സീനിയോറിറ്റി അടിസ്ഥാനമാക്കി, തിരുവനന്തപുരം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീ. ജോഷി കെ.-യെ, കെ.എസ്. & എസ്.എസ്.ആർ. ഭാഗം II ചട്ടം (28)(b)(i)-പ്രകാരം, റെഗുലർ അടിസ്ഥാനത്തിൽ, 95,600-1,53,200/-ശമ്പളസ്കെയിലിൽ, ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മിഷണർ ആയി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജു പ്രഭാകർ

സെക്രട്ടറി

ട്രാൻസ്‌പോർട്ട് കമ്മീഷണർ, തിരുവനന്തപുരം

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (ട്രാൻസ്‌പോർട്ട് കമ്മീഷണർ മുഖേന)

അക്കൗണ്ടന്റ് ജനറൽ(എ&ഇ/ ഓഡിറ്റ്) കേരളം, തിരുവനന്തപുരം

ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക് (ട്രാൻസ്‌പോർട്ട് കമ്മീഷണർ മുഖേന)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

**Signed by Anju P K**
**Date: 30-07-2022 15:20:22**

സെക്ഷൻ ഓഫീസർ

ബഹു. ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്

ഗതാഗത വകുപ്പ് സെക്രട്ടറിയുടെ സി.എ.-ക്ക്